# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 118 04.06.2018-ൽ മറുപടിക്ക്**

## പോലീസ് സേനയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡിമരണവുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പ്രതി ചേർത്ത് കേസ്സെടുത്തിട്ടുണ്ട്; | (എ) നാളിതുവരെ 9 പോലീസ് ഉദ്യോഗസ്ഥരെ പ്രതിചേർത്ത് കേസ്സെടുത്തിട്ടുണ്ട്. |
| (ബി) ഓരോരുത്തർക്കുമെതിരെ ചുമത്തിയ വകുപ്പുകൾ ഏതൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) ഇതുവരെയുള്ള അന്വേഷണത്തിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 4 വരെയുള്ള പ്രതികൾക്കെതിരെ 323,342,302,34 IPC പ്രകാരമുള്ള വകുപ്പുകളും 5-ാം പ്രതിക്കെതിരെ 342, 218 IPC പ്രകാരമുള്ള വകുപ്പുകളും 6 മുതൽ 9 വരെയുള്ള പ്രതിക്കെതിരെ 342 IPC പ്രകാരമുള്ള വകുപ്പുകളും ചുമത്തിയിട്ടുണ്ട്. പ്രസ്തുത കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥ യിലാണ്. |
| (സി) പോലീസ് സേനയിലെ ക്രിമിനൽ സ്വഭാവമുള്ളവരെ ഒറ്റപ്പെടുത്തുന്ന തിനും കൃത്യവിലോപം കാണിക്കുന്നവരെ കർശന നടപടികൾക്ക് വിധേയമാക്കുന്ന തിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) സംസ്ഥാനത്ത് പോലീസിലെ മാറ്റങ്ങൾ സ്വാംശീകരിക്കാൻ തയ്യാറല്ലാത്തവരോ ക്രിമിനൽ സ്വഭാവം വെച്ച് പുലർത്തുന്നവരോ ആയ പോലീസ് സേനാംഗങ്ങളുടെ പ്രവർത്തികൾ പോലീസിന്റെ പ്രതിച്ഛായക്ക് കളങ്കം ചാർത്തുന്ന പ്രവണതകൾ കുറക്കുന്നതിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുള്ളതും കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം സംബന്ധിച്ച് ശരിയായ |

രീതിയിലുള്ള മേൽനോട്ടവും പരിശോധനകളും അവലോകനങ്ങളും നടത്തിവരികയും ചെയ്യുന്നു. ക്രിമിനൽ സ്വഭാവമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുകയും മറ്റ് വകുപ്പുതല അച്ചടക്ക നടപടികൾക്ക് വിധേയരാക്കുകയും ചെയ്തു വരുന്നു.

(ഡി) പോലീസ് സേനാംഗങ്ങളെ ജനസേവകരാക്കി മാറ്റിയെടുക്കുന്നതിനും അന്വേഷണത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ആവശ്യമായ പരിശീലനം ട്രെയിനിങ്ങ് സമയത്തു തന്നെ നൽകുന്നതിനായി നിലവിലുള്ള ട്രെയിനിങ്ങ് രീതിയിലും പാഠ്യപദ്ധതിയിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ഡി) ഉദ്ദേശിക്കുന്നുണ്ട്. നിലവിലെ പാഠ്യപദ്ധതിയെ കുറിച്ചും, അതിൽ മാറ്റം വരുത്തേണ്ട ഭാഗങ്ങളെക്കുറിച്ചും വിശദമായി പഠിച്ചു വരുന്നു. പോലീസ് സേനാംഗങ്ങളെ ജനസേവകരാക്കി മാറ്റിയെടുക്കുന്നതിനും അന്വേഷണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വേണ്ടി ഐ.റ്റി ട്രെയിനിംഗ്, സി.സി.റ്റി.എൻ.എസ്., സൈബർ ഫോറൻസിക്ക്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക്ക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR &D, MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിംഗ് കോഴ്സുകൾ നിലവിൽ കേരള പോലീസ് അക്കാഡമിയിൽ നടന്നു വരുന്നു. കൂടാതെ ഇത് സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് 2 ദിവസത്തെ പരിശീലനം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**